കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നഗരസഭ ബസ് സ്റ്റാന്റ് കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനും കെ.എസ്.ഇ .ബി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ.)നം.1962/2019/ തസ്വഭവ                തിരുവനന്തപുരം, തീയതി, 07.09.2019.

---

പരാമർശം:- 1. സർക്കാർ ഉത്തരവ്(സാധാ.)നം2820/2018/തസ്വഭവ തീയതി,02/11/2018

2. കുന്നംകുളം നഗരസഭാ സെക്രട്ടറിയുടെ 27/06/2019 ലെ ഇ 1/4089/2017 നം.കത്ത്

3. നഗരകാര്യ ഡയറക്ടറുടെ 09/07/2019 ലെ ഡി.സി3/8564/2018 നമ്പർ കത്ത്.

## ഉത്തരവ്

കുന്നംകുളം നഗരസഭയിൽ കുന്നംകുളം എം.എൽ.എ യുടെ ആസ്തി വികസനഫണ്ടും കുന്നംകുളം അർബൻ ബാങ്ക് വായ്പയും ഉപയോഗപ്പെടുത്തി ബസ് സ്റ്റാന്റ് കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കുകയും വൈദ്യുതീകരണ പ്രവൃത്തികൾക്ക് പ്രത്യേകമായി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായെന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ വൈദ്യുതീകരണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വിഭാഗം ഇല്ലാത്തതിനാൽ കുന്നംകുളം നഗരസഭയിലെ ബസ് സ്റ്റാന്റ് കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കുന്നതിനും കെ.എസ്.ഇ.ബി ജീവനക്കാരെ നിയോഗിക്കണമെന്ന കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ പ്രൊപ്പോസൽ, പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തയിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ വൈദ്യുതീകരണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വിഭാഗം ഇല്ലാത്തതിനാൽ, കുന്നംകുളം നഗരസഭ ബസ് സ്റ്റാന്റ് കെട്ടിടം വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കുന്നതിനും കെ.എസ്.ഇ.ബി ജീവനക്കാരായ ശ്രീമതി.രതീദേവി.ഒ , എക്സിക്യൂട്ടീവ് എഞ്ചിനീയർ ,സെൻട്രൽ എയ്ഡഡ് പ്രോജക്റ്റ്, വൈദ്യുതി ഭവൻ ,പട്ടം,തിരുവനന്തപുരം , ശ്രീ.അജയ് കുമാർ ,അസിസ്റ്റന്റ് എഞ്ചിനീയർ,എസ്.ആർ.സി.എസ്.ഡി തിരുവനന്തപുരം എന്നിവരെ നിയോഗിക്കുന്നതിന് കുന്നംകുളം നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ,കെ.എസ്.ഇ.ബി,തിരുവനന്തപുരം

നഗരസഭ ചെയർമാൻ /സെക്രട്ടറി ,കുന്നംകുളം നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/214/18
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ